# വിദ്യാരംഗം കലാസാഹിത്യവേദി
# ശിൽപശാല

## എൽ.പി വിഭാഗം
## 2016 – 2017

# വിദ്യാരംഗം കലാസാഹിത്യവേദി
# ശിൽപശാല

വിദ്യാർത്ഥികളെ വായനയിലേക്കും ആസ്വാദനത്തിലേക്കും നയിക്കുക എന്നത് വിദ്യാരംഗം പ്രവർത്തനങ്ങളുടെ മുഖ്യ ലക്ഷ്യങ്ങളിലൊന്നാണ്. വിദ്യാരംഗം നേതൃത്വത്തിൽ നടന്നുവരുന്ന വ്യത്യസ്തങ്ങളായ ശില്പശാലകൾ കലകളുടെയും സാഹിത്യത്തിന്റേയും വിശാലമായ അന്തരീക്ഷത്തിലേക്ക് കുട്ടികളെ നയിക്കുന്നു. സാമൂഹ്യമായ ഇടപെടലുകൾക്കും സാംസ്കാരികമായ പുരോഗതിക്കും ഈ പ്രവർത്തനങ്ങൾ കുട്ടികളെ പ്രാപ്തരാക്കുന്നു. കേവലമായ മത്സരങ്ങൾക്കുപരി സർഗപരമായ കൂട്ടായ്മകളെ ലക്ഷ്യം വെച്ചുകൊണ്ടുള്ള ശില്പശാലകൾ വിദ്യാരംഗം പ്രവർത്തനത്തിന്റെ മുഖ്യഭാഗമായത് കഴിഞ്ഞ അധ്യന വർഷം മുതലാണ്.

എല്ലാ കുട്ടികളെയും വിദ്യാരംഗം പ്രവർത്തനങ്ങളിൽ പങ്കാളിയാക്കത്തക്കവിധം ക്ലാസ്തല ശില്പശാലകൾക്കാണ് ഈ വർഷവും പ്രാധാന്യം നൽകുന്നത്. ഒപ്പം മികവ് തെളിയിക്കുന്ന വിദ്യാർത്ഥികൾക്കായ് പഞ്ചായത്ത് (എൽ.പി) ഉപജില്ലാ, ജില്ലാ, സംസ്ഥാന തല ശില്പശാലകളും ആസൂത്രണം ചെയ്തിട്ടുണ്ട്.

കുട്ടികളുടെ ആശയാവിഷ്ക്കരണത്തിന്റെ ശക്തിയും സൗന്ദര്യവും വർദ്ധിപ്പിക്കുവാൻ ശില്പശാലകൾ പ്രയോജനപ്പെടുന്നതുമായ അധ്യാപകർക്ക് ബോധനത്തിന്റെ പുതിയ തലങ്ങൾ അന്വേഷിക്കുവാനുള്ള അവസരമായി ഇതിനെ പ്രയോജനപ്പെടുത്തണം. ക്ലാസ് മുറികളിൽ രൂപപ്പെടുന്ന സർഗാത്മക രചന കൂടുതൽ ആളുകളിൽ എത്തിക്കുന്നതിനും അവയെ തുടർ പ്രവർത്തനത്തിന് ഉപയോഗപ്പെടുത്തുന്നതിനും കഴിയേണ്ടതുണ്ട്. പ്രാദേശികമായ സാധ്യതകൾ കൂടി പരിഗണിച്ച് മൊഡ്യൂൾ മെച്ചപ്പെടുത്തുവാനുള്ള ശ്രമങ്ങൾ ഓരോ തലത്തിലും ഉണ്ടാവേണ്ടതുണ്ട്. കേരളത്തിലെ അധ്യാപക സമൂഹത്തിന്റെ കൂട്ടായ പരിശ്രമങ്ങൾ ഇക്കാര്യത്തിൽ അനിവാര്യമാണ്. ക്ലാസ് മുറികളിൽ സർഗാത്മകതയുടെ പൂക്കാലം വിരിയിക്കുവാൻ ശില്പശാലകൾക്ക് കഴിയട്ടെ.

## പൊതുനിർദ്ദേശങ്ങൾ

- എല്ലാ ക്ലാസ് മുറികളിലും ശില്പശാല നടക്കുന്നുവെന്ന് പ്രഥമാധ്യാപകൻ ഉറപ്പുവരുത്തേണ്ടതാണ്.
- വിദ്യാരംഗം കോർഡിനേറ്ററുടെ നേതൃത്വത്തിൽ എസ്.ആർ.ജി/സബ്ജക്ട് കൗൺസിൽ യോഗം ചേർന്ന് സ്കൂൾ പ്രവർത്തനങ്ങളുടെ സംഘാടനം
- പ്രസ്തുത യോഗത്തിൽ മൊഡ്യൂൾ പരിചയപ്പെടുത്തണം. സ്കൂൾ തലം നടത്തുന്നതിനുള്ള ചുമതല 2/3 പേർക്ക് നൽകുകയും വേണം.
- സാമൂഹ്യപങ്കാളിത്തം ഉറപ്പുവരുത്തി സ്കൂൾതല ശില്പശാല സംഘടിപ്പിക്കണം. SSG/PTA/SMC യോഗം ചേരണം.
- ക്ലാസ്തല ശില്പശാല സംബന്ധിച്ച് CPTA യോഗത്തിൽ അറിയിപ്പ് നൽകണം.
- സ്കൂൾതല ശില്പശാലയുടെ ഉദ്ഘാടനം 1020 മിനിട്ട് ദൈർഘ്യമുള്ള ചടങ്ങായി സംഘടിപ്പിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനപ്രതിനിധികൾ/മറ്റ് ജനപ്രതിനിധി പങ്കാളിത്തമുണ്ടാവണം.
- സ്കൂൾതല ശില്പശാലയിൽ പ്രാദേശികമായി ലഭ്യമാവുന്ന സാഹിത്യകാരന്മാരുടെ പങ്കാളിത്തം ഉറപ്പുവരുത്തണം. (സംസാരിക്കേണ്ട വിഷയം, എടുക്കേണ്ട സമയം എന്നിവ സംബന്ധിച്ച് SRG/ Subject കൗൺസിൽ യോഗം ചർച്ച ചെയ്ത് അതിഥിയെ മുൻകൂട്ടി അറിയിക്കണം.

- ക്ലാസ്തല മൊഡ്യൂൾ വിനിമയം ചെയ്യുന്നതിന് സർഗവേളയുടെ സമയം ഉപയോഗിക്കുന്നതാണു ചിതം.
- ശില്പശാലയുടെ ഭാഗമായി രൂപപ്പെടുന്ന രചനകൾക്കൊപ്പം കുട്ടികൾ സ്വതന്ത്രമായി/ മുൻപ് ക്ലാസിൽ രചിച്ച സർഗാത്മക സൃഷ്ടികളും ഉപയോഗപ്പെടുത്തണം.
- ക്ലാസ്തല മൊഡ്യൂൾ വിനിമയത്തിന്റെ ഭാഗമായി ഉണ്ടാക്കുന്ന കുട്ടികളുടെ രചനകൾ സമാഹരിച്ച് പതിപ്പാക്കണം. വിവിധ ക്ലാസിലെ രചനകൾ/.. .. സ്കൂൾതല ശില്പശാലയുടെ ഭാഗമായി പ്രദർശിപ്പിക്കണം.
- സ്കൂൾതല ശില്പശാലയിൽ 40/50 കുട്ടികൾ പങ്കെടുക്കുന്ന വിവിധ ക്ലാസിൽ നിന്നുള്ള പങ്കാളിത്തം സ്കൂൾ മുൻകൂട്ടി നിശ്ചയിക്കണം.
- കഴിഞ്ഞ വർഷം ഉപയോഗിച്ച മൊഡ്യൂളിലെ പ്രവർത്തന സാധ്യതകൾ കൂടി ഉപയോഗ പ്പെടുത്തുന്നത് നന്നാവും.

## സമയക്രമം

| | |
|---|---|
| ജില്ലാതല പരിശീലനം (ഏകദിനം) ഉപജില്ലയിൽ നിന്ന് 4 പേർ ഉപജില്ലാ കോർഡിനേറ്റർ, പരിശിലനത്തിന് നേതൃത്വം നൽകാൻ കഴിയുന്ന ഉപജില്ലയിലെ വിദ്യാഭ്യാസം സ്കൂൾ കോർഡിനേറ്റർ ബി.ആർ.സി പരിശീലനകൻ/ഇങ്കക കോർഡിനേറ്റർ ബാഡ്മാസ്റ്റർ പ്രതിനിധി സംഘാടനം : SSA/DIET | സെപ്റ്റംബർ 28 ന് മുമ്പായി നടത്തണം |
| ഉപജില്ലാതല പരിശീലനം (ഏകദിനം) എല്ലാ സ്കൂൾ കോർഡിനേറ്റർന്മാരും പഞ്ചായത്ത് വിദ്യാഭ്യാസ സമിതി കൺവീനർ/ ഇംപ്ലിമെന്റിംഗ് ഓഫീസർ സംഘാടന ചുമതല : AEO/BPO | ഒക്ടോബർ 5 ന് മുമ്പായി നടത്തണം |
| സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് യോഗം വിദ്യാരംഗം സ്കൂൾ തല ശില്പശാല മൊഡ്യൂൾ പരിചയപ്പെടൽ ചുമതല : HM/വിദ്യാരംഗം കൺവീനർ | ഒക്ടോബർ 7, വെള്ളി |
| ക്ലാസ്തല ശില്പശാല നിശ്ചിത മൊഡ്യൂളുകൾക്ക് രണ്ട് ആഴ്ചയ്ക്കുള്ളിൽ പൂർത്തിയാക്കൽ ക്ലാസ്സ് റൂം പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിയാൽ മതി. ക്ലാസ്സിലെ എല്ലാ കുട്ടികളും പങ്കാളികൾ. ക്ലാസ്സ് ടീച്ചർ നേതൃത്വം നൽകണം. | ഒക്ടോബർ 24 ന് മുമ്പായി നടത്തണം |
| SMC/PTA/യോഗം സ്കൂൾതല സാഹിത്യ ശില്പശാലയുടെ സംഘാടനത്തിന്റെ ഭാഗമായി യോഗം ചേരണം. സ്കൂൾതല ഉദ്ഘാടനം, ഉദ്ഘാടകനാകേണ്ട ഇപാദേശിക സാഹിത്യകാരൻ. പ്രചരണം എന്നിവ ആലോചിക്കണം. | ഒക്ടോബർ മൂന്നാം വാരം |
| സ്കൂൾതല ശില്പശാല (ഏകദിനം) ക്ലാസ്തലത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികള. ക്ലാസ്സിൽ നിന്ന് 4/5 കുട്ടികളെ പങ്കെടുപ്പിക്കണം. പരമാവധി പങ്കാളിത്തം 60 | ഒക്ടോബർ 30 നകം |
| പഞ്ചായത്തുതല ശില്പശാല (ഏകദിനം) എൽ.പി മാത്രം എൽ.പി വിഭാഗത്തിൽ സ്കൂൾതല ശില്പശാലയിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളെ പങ്കെടുപ്പിക്കണം. ഒരു വിദ്യാലയത്തിൽ നിന്ന് 12 കുട്ടികൾ വരെ. 3 പേർ സാഹിത്യം, 3 പേർ ചിത്രരചന 6 അധ്യാപകൻ മികവ് പ്രകടിപ്പിക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തണം. സമ്മാനദാനം PEC നേതൃത്വത്തിൽ | നവംബർ 10 നകം |
| ഉപജില്ലാതല ശില്പശാല (ഏകദിനം) യു.പി/എച്ച്.എസ് മാത്രം സംഘാടനം : BRC/AEO/BLOCK പഞ്ചായത്ത് | നവംബർ 10 നകം |

# ശിൽപശാല
# എൽ.പി. വിഭാഗം

## ആമുഖം

കുട്ടികളുടെ സർഗ്ഗപരമായ കഴിവുകളെ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ക്ലാസ് റൂം പ്രവർത്തനങ്ങളെ ഉപയോഗിക്കുന്നതിനുള്ള പ്രായോഗിക പരിശീലനമാണ് വിദ്യാരംഗം ശില്പശാലകൾ. ലോവർ പ്രൈമറി തലത്തിലെ കുഞ്ഞുമനസുകളെ കഥകളിലൂടെയും കവിതകളിലൂടെയും മധുരതരമായ ചിന്തകളിലേക്കും പ്രകൃതി സൗഹൃദപരമായ പ്രവർത്തനങ്ങളിലേക്കും നയിക്കുന്നതിനുള്ള ക്രിയാത്മക പ്രവർത്തനങ്ങളാണ് എൽ.പി. തല വിദ്യാരംഗം ശില്പശാലയിലുൾപ്പെടുത്തിയിരിക്കുന്നത്. സ്വന്തം ക്ലാസ് മുറിയുടെ സാധ്യതകളും പരിമിതികളും മനസിലാക്കി ഇതിനെ ചിട്ടപ്പെടുത്തി ഉപയോഗിക്കുമ്പോൾ കുഞ്ഞുമനസുകളിലെ സർഗാത്മകതയുടെ ചിന്തകളെ വിപുലപ്പെടുത്തുവാൻ കഴിയും.

## ഉദ്ദേശങ്ങൾ

- ലോവർ പ്രൈമറി ക്ലാസുകളിലെ കുഞ്ഞുങ്ങളുടെ കലാസാഹിത്യ വാസനകൾ വളർത്തുക
- കണ്ടും കേട്ടും അനുഭവിച്ചും വായിച്ചും അറിഞ്ഞ കാര്യങ്ങളെ സർഗ്ഗാത്മകമായ രചനയ്ക്ക് ഉപയോഗപ്പെടുത്തുവാനുള്ള കുട്ടികളുടെ ശേഷി വളർത്തുക.
- പൊതുസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കി സാംസ്കാരികമായ പങ്കുവെയ്ക്കലിന് സ്കൂളിനെ വേദിയാക്കുക.
- കുട്ടിയുടെ വികാസ മേഖലകളെയും പ്രകൃതത്തെയും പരിഗണിച്ച് ക്ലാസ്റൂമിലെ സർഗ്ഗാത്മക രചനകൾ രൂപപ്പെടുത്തുന്നതിൽ അദ്ധ്യാപകന്റെ കഴിവ് വർദ്ധിപ്പിക്കുക.
- കുട്ടികളെ മികച്ച വായനക്കാരാക്കുക, അവരുടെ ആസ്വാദനശേഷി ഉയർത്തുക.
- കുട്ടികളിൽ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിന് കലാ-സാംസ്കാരിക പ്രവർത്തനങ്ങളെ ഉചിതമായി ഉപയോഗിക്കുവാനുള്ള അദ്ധ്യാപകരുടെ കഴിവ് വളർത്തുക.

## വിലയിരുത്തൽ

സാഹിത്യം, സംഗീതം, അഭിനയം, ചിത്രരചന എന്നീ മേഖലകളുടെ വികാസവുമായി ബന്ധപ്പെട്ടതാണ് ഈ വർഷത്തെ വിദ്യാരംഗം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. കഥ, കവിത, നാടൻപാട്ട്, ചിത്രരചന എന്നിവയിലൂന്നിയാണ് പഞ്ചായത്ത് തലത്തിലുള്ള ശില്പശാലകൾ നടക്കുന്നത്. ക്ലാസ് / സ്കൂൾ തല ശില്പശാലകളിൽ മികവ് കണ്ടെത്തുന്നതിന് താഴെപറയുന്ന സൂചകങ്ങൾ പരിഗണിക്കാം. കുട്ടികളുടെ പങ്കാളിത്തത്തോടെ സൂചകൾങ്ങൾ വികസിപ്പിക്കുന്നതാണുചിതം. വിലയിരുത്തൽ മാനദണ്ഡങ്ങൾ കുട്ടികൾക്ക് മനസിലാകും വിധം വിശദീകരിക്കണം. പിന്നീട് രചനയിലേർപ്പെടുമ്പോൾ സ്വയം വിലയിരുത്തൽ സൂചകങ്ങളായി ഇവ ഉപയോഗപ്പെടുത്തുവാൻ കുട്ടികൾക്ക് പ്രേരണ ലഭിക്കണം.

| കവിത | കഥ | ചിത്രം |
|---|---|---|
| വിഷയവുമായുള്ള ബന്ധം<br>ഉചിതമായ ഭാഷ<br>സംക്ഷിപ്തത<br>താളാത്മകത | നല്ല തുടക്കം, ഒടുക്കം<br>ആശയങ്ങൾ തമ്മിലുള്ള ബന്ധം<br>തലക്കെട്ടിന്റെ ഔചിത്യം | വിഷയവുമായുള്ള ബന്ധം<br>ആകർഷകത്വം<br>തനിമ<br>നിറങ്ങൾ തമ്മിലുള്ള ചേർച്ച |

**സംഘാടനം**

എൽ.പി.വിഭാഗത്തിലെ പ്രവർത്തനങ്ങൾ ക്ലാസ്, സ്കൂൾ, പഞ്ചായത്ത് എന്നീ മൂന്ന് തലങ്ങളായിട്ടാണ് നടത്തേണ്ടത്. ഒന്ന്, രണ്ട് ക്ലാസിന് ക്ലാസ് തലത്തിൽ മാത്രമാണ് പ്രവർത്തനങ്ങൾ നടത്തേണ്ടത്. മൂന്ന് നാല് ക്ലാസുകൾക്ക് ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും പഞ്ചായത്തിലും പ്രവർത്തനങ്ങൾ ക്രമീകരിക്കണം. എൽ.പി.വിഭാഗം ശില്പശാലകൾ പഞ്ചായത്ത് തലത്തോടെ സമാപിക്കും.

| മേഖലകൾ ഒന്ന്, രണ്ട് ക്ലാസ് | 3, 4 ക്ലാസുകൾക്ക് |
|---|---|
| വായ്ത്താരികൾ<br>കുഞ്ഞിക്കവിത<br>കടംകഥ<br>ചിത്രരചന | 1) കഥ<br>2) കവിത<br>3) ചിത്രരചന<br>4) നാടൻപാട്ട് - വായ്ത്താരികൾ |

ക്ലാസ്, സ്കൂൾതല ശില്പശാലാ പ്രവർത്തനങ്ങൾക്കായി സംഘാടക സമിതി യോഗങ്ങൾ ചേർന്നിരിക്കണം.

ക്ലാസ് പി.ടി.എ. എസ്.എം.സി / പി.ടി.എ., എം.പി.ടി.എ, എസ്.ആർ.ജി. വായനശാല ഭാരവാഹികൾ, സാംസ്കാരിക സംഘടനാ ഭാരവാഹികൾ, വാർഡ് മെമ്പർ, കൗൺസിലർ എന്നിവർ ഉൾപ്പെട്ട യോഗങ്ങൾ ചേരാവുന്നതാണ്.

ക്ലാസ്തല ശില്പശാലയുടെ പൊതു ഉദ്ഘാടനം സ്കൂൾ അസംബ്ലിയിൽ നടത്തണം. വാർഡ് മെമ്പർ / കൗൺസിലർ എന്നിവരും എസ്.എം.സി / പി.ടി.എ. അദ്ധ്യക്ഷനും ചടങ്ങിൽ പങ്കെടുക്കണം.

സംഘാടക സമിതി യോഗത്തിൽ ക്ലാസ്തല, സ്കൂൾതല പ്രവർത്തന നടത്തിപ്പിന്റെ തീയതി നിശ്ചയിക്കൽ, സംഘാടന ക്രമീകരണങ്ങൾ (ഉദ്ഘാടനം, സമാപനം) സംവിധാനങ്ങളൊരുക്കൽ, പ്രചരണം, സാമ്പത്തികം, ഡോക്കുമെന്റേഷൻ എന്നിവ സംബന്ധിച്ച തീരുമാനങ്ങൾ ഉണ്ടാകണം.

എസ്.ആർ.ജി. ക്ലാസ് പി.ടി.എ. യോഗതീരുമാനങ്ങൾ അനുസരിച്ച് സംഘടിപ്പിക്കേണ്ട കാര്യങ്ങളുടെ ഒരുക്കങ്ങൾ നടത്തണം. സ്കൂൾ തലത്തിൽ പ്രത്യേക യോഗം ചേരണം.

സ്വാഗതസംഘം രൂപീകരണം സംബന്ധിച്ച അറിയിപ്പ് നൽകൽ

സ്വാഗതസംഘ രൂപീകരണം

ക്ലാസ്തല ശില്പശാല നടക്കുമ്പോൾ ക്ലാസിൽ സാഹിത്യസംബന്ധമായ കാര്യങ്ങൾ ചേർത്ത് ക്ലാസിന് ചുറ്റും അലങ്കാരം നടത്തണം. കലാസാഹിത്യ സാംസ്കാരിക നായകന്മാരുടെ ചിത്രങ്ങൾ ഉപയോഗിക്കാം. ഭിന്ന നിലവാരക്കാർക്കു കൂടി പങ്കാളിത്തം ഉണ്ടാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

## എൽ.പി വിഭാഗം *(ഒന്ന് രണ്ട് ക്ലാസ്സുകൾ മാത്രം)*
## മൊഡ്യൂൾ ക്ലാസ്തലം

നിർദ്ദേശം : ക്ലാസ്തലത്തിൽ മാത്രമേ പ്രവർത്തനമുള്ളൂ മികവു പ്രകടിപ്പിക്കുന്ന കുട്ടികളെ തിരഞ്ഞെടുക്കേണ്ടതില്ല. കുട്ടികൾക്കും പാടാനും വരയ്ക്കാനും കടങ്കഥകൾ കളിക്കാനും അവസരം നൽകുന്നതിലൂടെ അവരുടെ സർഗാത്മകത പ്രകടിപ്പിക്കാൻ വേദി ഒരുക്കുക എന്നതാണുദ്ദേശ്യം.

കരുതേണ്ടവ : ചിത്രം വരയ്ക്കാനാവശ്യമായ കടലാസുകളും, ക്രയോൺ, ചായപ്പെൻസിൽ മുതലായവ ക്ലാസിൽ ലഭ്യമാക്കണം. കുട്ടികൾ കൊണ്ടുവരണമെങ്കിൽ നേരത്തെതന്നെ നിർദ്ദേശം കൊടുക്കണം. മുതർന്നവരോട് ചോദിച്ച് കടങ്കഥകൾ ശേഖരിച്ച് കൊണ്ടുവാരാൻ പറയണം.
ഘട്ടം ഒന്ന്

**കടംങ്കഥകൾ കൊണ്ടു കളിക്കാം**
ടീച്ചർ ഒരു കടങ്കഥ അവതരിപ്പിക്കുന്നു. ***ആകാശത്തൊരു തേങ്ങാപ്പൂള്***

കുട്ടികൾ ഉത്തരം കണ്ടെത്തുന്നു - **ചന്ദ്രക്കല**
ടീച്ചർ : *ആനകേറാമല ആടുകേറാമല ആയിരം കാന്താരി പൂത്തിറങ്ങി*
ഉത്തരം : **ആകാശത്ത് നക്ഷത്രങ്ങൾ**
ടീച്ചർ : *നാലു കാലുള്ളോരു നങ്ങേലിപ്പെണ്ണിനെ കോലു നാരായണൻ കട്ടോണ്ടുപോയി*
ഉത്തരം : **പാമ്പ് തവളയെ പിടിക്കുന്നത്.**

(2) (ടീച്ചർക്ക് രസകരമായ വേറെ കടങ്കഥകൾ അവതരിപ്പിക്കാൻ സ്വാതന്ത്ര്യമുണ്ട്)

ഇനി കുട്ടികൾ രണ്ടോ മൂന്നോ ഗ്രൂപ്പുകളായി തിരിഞ്ഞ് കടങ്കഥ ക്വിസ് നടത്തട്ടെ. പോയിന്റ് നൽകാം. അവതരിപ്പിച്ച കടങ്കഥകൾ പിന്നീട് ചാർട്ടിൽ എഴുതി കുട്ടികൾക്ക് എഴുതിയെടുക്കാൻ സൗകര്യമൊരുക്കണം. കുട്ടികൾ കടങ്കഥകൾ കൊണ്ടുവന്നില്ലെങ്കിൽ നൽകാനായി മുപ്പതു കടങ്കഥകളെങ്കിലും ടീച്ചർ കരുതിയിരിക്കണം.

### ഘട്ടം രണ്ട് - വരയ്ക്കാം രസിക്കാം

നേരത്തെ അവതരിപ്പിച്ച കടങ്കഥകളിലെ ഉത്തരങ്ങൾ വരയ്ക്കാൻ നിർദ്ദേശം നൽകാം. അല്ലാതെ കുട്ടികൾക്കിഷ്ടമുള്ള ചിത്രങ്ങളും വരയ്ക്കാം. വരച്ച ചിത്രങ്ങൾക്ക് അവർ നിറം കൊടുക്കട്ടെ ചിത്രങ്ങളെക്കുറിച്ച് അവർക്ക് അഭിപ്രായം പറയാൻ അവസരം നൽകണം. എല്ലാ ചിത്രങ്ങളും ഒരു ചരടിൽ കോർത്ത് സ്കൂൾ വരാന്തയിൽ പ്രദർശിപ്പിക്കണം. മറ്റു ക്ലാസുകാർ ഇവ കാണട്ടെ.

### ഘട്ടം മൂന്ന് - പാടാം രസിക്കാം

കടങ്കഥകൾ കളിച്ചു ചിത്രം വരച്ചു നിറം കൊടുത്തു ഇനി നമുക്ക് കുറച്ച് പാട്ടുകൾ പാടിയാലോ. നമുക്ക് നമ്മുടെ നാട്ടിലെ പാട്ടുകൾ പാടാം. പണ്ടു മുതലേ പാടിവരുന്ന പാട്ടുകൾ ആരാണെഴുതി യതെന്നറിയാത്ത പാട്ടുകൾ. അത്തരം പാട്ടുകളാണ് നാടൻ പാട്ടുകൾ.

(1) കീരീ കീരീ കിണ്ണം താ
കിണ്ണത്തിലിട്ടുകിലുക്കിത്താ
അങ്ങേത്തലയ്ക്കൽ പൊക്കിത്താ
ഇങ്ങേത്തലയ്ക്കൽ താത്തിത്താ
(കീരീ കീരീ കിണ്ണം താ)

(2) ഓണത്തപ്പാ കുടവയറാ
പൊന്നോണക്കറിയെന്തെല്ലാം
ചേനത്തണ്ടും ചെറുപയറും
ചെരട്ടപൊട്ടിച്ചുപ്പേരീം

(3) ഗോപാലൻ കിളിയെങ്ങോട്ട്
വാലും പൊക്കി തെക്കോട്ട്
എന്താണിത്തറ വേഗത്തിൽ
പാട്ടീം മക്കളും ചത്തുപോയ്

(4) അയ്യടിമനമേ തീപ്പെട്ടിക്കോലേ
കാപ്പിട്ടപെണ്ണേ ചിന്നമ്മേ

(5) റാകിപ്പറക്കുന്ന ചെമ്പരുന്തേ
നീയുണ്ടോ മാമാങ്കവേലകണ്ടു
വേലയും കണ്ടു വിളക്കും കണ്ടു
കടലിൽത്തിരകണ്ടു കപ്പൽ കണ്ടു

(ഇതുപോലെയുള്ള വേറെയും നാടൻ പാട്ടുകൾ ക്ലാസിൽ അവതരിപ്പിക്കാവുന്നതാണ്).

## കുട്ടിക്കവിതകൾ പാടി രസിക്കാം

(1) കാക്ക പാറിവന്നു
പാറമേലിരുന്നു
കാക്ക പാറിപ്പോയി
പാറ ബാക്കിയായി *(കുഞ്ഞുണ്ണി)*

(2) ഉണ്ണിയുടെ സംശയം
അച്ഛനുണ്ടൊരു കരിമീശ
ചേട്ടനുണ്ടൊരു ചെറുമീശ
ആണായിട്ടുമെനിക്കില്ലെന്നോ
പേരിനുപോലും ഒരു മീശ *(സിപ്പി പള്ളിപ്പുറം)*

(3) മിന്നാമിന്നി
മിന്നാമിന്നീ നിന്നുടെ കയ്യിൽ
പൊന്നിൻ ഞെക്കുവിളക്കുണ്ടോ
പൊൻ തരിയുണ്ടോ പൊൻ മുത്തുണ്ടോ
കാക്കപ്പൊന്നിൻ മിന്നുണ്ടോ *(സിപ്പി പള്ളിപ്പുറം)*

(4) താഴത്ത്
ഓടിപ്പോകും വണ്ടിക്കുണ്ടിൽ
ചാടിക്കയറിയ കുഞ്ഞാണ്ടൻ
തത്തിപ്പൊത്തി തിത്തോം തകൃതോം
ദാണ്ടെ കിടക്കണു താഴത്ത് *(സിപ്പി പള്ളിപ്പുറം)*

(5) വിത്തുകളൊക്കെ കൊത്തിയെടുക്കാൻ
തത്തിവരുന്നൊരു തത്തമ്മേ
മുത്തമൊരെണ്ണം തന്നാലെന്നെ
കൊത്തരുതേ നീ തത്തമ്മേ *(വി.എം.രാജമോഹൻ)*

(6) ചേട്ടൻ ചെരിപ്പിട്ട്
ടപ് ടപ് നടക്കുന്നു
ചേച്ചി ചെരിപ്പിട്ട്
ടപ് ടപ് നടക്കുന്നു
ഞാനും ചെരുപ്പിട്ട്
ടപ് ടപ് നടക്കുന്നു.
പട പട നടക്കുന്നു
ചടപടാ വീഴുന്നു
ചേട്ടൻ ചിരിക്കുന്നു
ചേച്ചി ചിരിക്കുന്നു
ഞാനും ചിരിക്കുന്നു *(കുഞ്ഞുണ്ണി)*

*(കൂടുതൽ കുട്ടികൾ കവിതകൾ ശേഖരിച്ച് അവതരിപ്പിക്കണം)*

*എൽ.പി വിഭാഗം 3, 4 ക്ലാസ്സ് തലം*

# സർഗവേള മൊഡ്യൂൾ (1)

**മാമ്പഴം പെറുക്കാം**

*ഒരു കാറ്റടിച്ചപ്പോൾ*
*ഒരു മാങ്ങ വീണപ്പോൾ*
*ഒരു പാടു പിള്ളേര*
*ങ്ങോടിച്ചെന്നുന്തായി, തള്ളായി*
*തിക്കായി തിരക്കായി*
*ചക്കര മാമ്പഴം*
. . . . . . . . . . . . . . . . . . . . .

കുഞ്ഞുണ്ണി മാസ്റ്ററുടെ കവിത ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. അതേ സമയം തന്നെ മുൻകൂറായി തയ്യാറാക്കിയ ചരടിൽ മാമ്പഴത്തിന്റെ കട്ട് ഔട്ടുകൾ തൂക്കിയത് ക്ലാസ്സിൽ ക്രമീകരിക്കണം. (റൊട്ടി കടി മാതൃകയിൽ മാമ്പഴം പറിക്കൽ കളിക്ക് കൂട്ടായി ചൊല്ലുന്നതിന് അവസരം. നിശ്ചിത എണ്ണം കുട്ടികൾ മാമ്പഴം പറിക്കാൻ കളിക്കവസരം. കളി നടക്കുമ്പോൾ മറ്റുള്ള കുട്ടികൾ കൂട്ടായി പാട്ട് തുടരട്ടെ.

കളിയും പാട്ടും കഴിഞ്ഞതിനുശേഷം കവിതയുടെ അവസാന വരികൾ കൂട്ടിച്ചേർക്കാൻ വ്യക്തിഗതമായി അവസരം. എഴുതിയ വരികൾ ചേർത്ത് കുട്ടികൾ കവിത പൂരിപ്പിച്ച് ചൊല്ലട്ടെ. എഴുതാൻ കഴിയാത്ത കുട്ടികൾക്ക് ചൊല്ലി അവതരിപ്പിക്കുന്നതിന് ആദ്യം തന്നെ അവസരം നൽകണം. അവർ പറയുന്ന വരികള ടീച്ചർ ബോർഡിൽ എഴുതണം.

എല്ലാവരും അവതരിപ്പിച്ച് ടീച്ചർ കവിത ഓരോരുത്തരും എഴുതിയ വരികൾ ചേർത്ത് പൂർണ്ണമായി പാടണം. കുട്ടികളും കൂട്ടത്തിൽ പാടട്ടെ.

ഏത് വരിയാണ് മുകളിലത്തെ കവിതയോട് ഏറ്റവും യോജിച്ചത് ?

- കുട്ടികൾക്ക് കണ്ടെത്തുന്നതിന് അവസരം
- മികച്ചതായി ആ വരികൾ തിരഞ്ഞെടുക്കുവാനുള്ള കാരണമെന്ത്?

കുട്ടികൾ പറയുന്ന കാരണങ്ങളിൽ നിന്ന് വിലയിരുത്തൽ സൂചകങ്ങൾ വികസിപ്പിച്ച് പരിചയപ്പെടുത്തണം

- തുടർച്ചയുണ്ട്
- താളമുണ്ട്
- ഉചിതമായ ഭാഷ

എല്ലാവരുടേയും വരികൾ അവതരിപ്പിക്കുകയും പാടുകയും ചെയ്തതിനുശേഷം ടീച്ചർ കുഞ്ഞുണ്ണിമാഷ് എഴുതിയ വരി

"ചക്കര മാമ്പഴം
ചപ്പിളി പിളിയായി"

കവിത ചാർട്ടിൽ പൂർത്തിയാക്കി എഴുതുന്നു.
ഈ കവിതയ്ക്ക് ഒരു ചിത്രം വരയ്ക്കണം.
ആ ചിത്രത്തിൽ ആരെല്ലാം/എന്തെല്ലാം വേണം.
കുട്ടികൾ പറയട്ടെ

ടീച്ചർ അവ ബോർഡിൽ എഴുതുന്നു.

മാവ്, മാങ്ങ, കുട്ടികൾ .. .. .. .. .. ..

- പിന്നെ ആരെല്ലാം ഉണ്ടാവും ?
- മാവിൽ ആരെല്ലാം ഉണ്ടാവും ?
- പിന്നെയോ, കാറ്റില്ലേ

കാറ്റിനെ എങ്ങനെ വരയ്ക്കാം ?

ചർച്ചകൾക്കൊടുവിൽ എല്ലാ കുട്ടികൾക്കും പേപ്പർ നൽകണം. വരയ്ക്കാനാവശ്യമായ സാമഗ്രികളും (ക്രയോൺസ്, പെൻസിൽ, ബ്രഷ്) നിറം നൽകാത്തവർക്ക് അതിന് നിർദ്ദേശം നൽകണം.

വരച്ച ചിത്രങ്ങൾ ക്ലാസ്സ് മുറിയിൽ പ്രദർശിപ്പിക്കാം

പ്രദർശനത്തിന് ശേഷം അവ ചേർത്ത് ഒരു പതിപ്പാക്കണം.

**അഭിനയിക്കാം**

കുഞ്ഞുണ്ണി മാഷിന്റെ കവിതയിലെ ആശയത്തെ അഭിനയിച്ച് അവതരിപ്പിക്കാം.

ആരെല്ലാമാണ് കവിതയിലുള്ളതെന്ന് നേരത്തെ കണ്ടെത്തിയല്ലോ.

ഗ്രൂപ്പുകളായി തിരിഞ്ഞ് കവിതയിലെ സംഭവങ്ങൾ അഭിനയിച്ച് അവതരിപ്പിക്കുന്നതിന് അവസരം.

കുട്ടികളെ ഗ്രൂപ്പാക്കുന്നു - 10 മിനിറ്റ് ആസൂത്രണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ ഗ്രൂപ്പിലെത്തി ടീച്ചർ നൽകണം.

അവതരണം

ചർച്ച

(നന്നായി അഭിനയിച്ചവർ ആരെല്ലാം, എന്താണ് നന്നായി എന്ന് പറയാൻ കാരണം ?)

## സർഗവേള -മൊഡ്യൂൾ (2)

☞ **പള്ളിക്കൂടം കഥ**

സ്കൂളിൽ വന്നതിന് ശേഷം ഉണ്ടായിട്ടുള്ള രസകരമായ സംഭവം ഏതാണ് ?

ഒരിക്കലും മറക്കാൻ പറ്റാത്ത, ഓർക്കുമ്പോൾ ചിരി/സങ്കടം/ദേഷ്യം വരുന്ന സംഭവം ?

☛ **എല്ലാവർക്കും എഴുതുവാൻ അവസരം**

**വിശദമായി എഴുതേണ്ട**

**ഒന്നോ രണ്ടോ വാക്യത്തിൽ**

☛ **അവതരിപ്പിക്കുന്നതിന് അവസരം**

സംഭവം പറയുന്നതിന് (ഒന്നോ രണ്ടോ വാക്യങ്ങളിൽ)

ചിലർക്ക് അവസരം

**ഇനി നമുക്കൊരു സ്കൂൾ അനുഭവം വായിക്കാം.**



### അച്ചടക്കം

എൻ.ജി.നയനതാര

അന്ന് അസംബ്ലിയുള്ള ദിവസമായിരുന്നു. ടീച്ചർമാരും ഹെഡ്മാസ്റ്ററും ഹാജരായി. പ്രാർത്ഥനാഗാനവും കഴിഞ്ഞ് ഹെഡ്മാസ്റ്റർ സംസാരിച്ചു.

നിങ്ങൾ സ്കൂളിന്റെ മുറ്റത്തുകിടന്ന് ഓടരുത്. അച്ചടക്കത്തോടെ പെരുമാറണം.

ഓ!

ഞങ്ങളുടെ ഇടയിൽനിന്നൊരു ശബ്ദം! ഞങ്ങൾ അത്ഭുതപ്പെട്ടുപോയി.

ഹെഡ്മാസ്റ്ററുടെ മുമ്പിൽനിന്ന് കമാന്നൊരക്ഷരം മിണ്ടാത്തവരല്ലേ ഞങ്ങൾ. വെറും ഭീരുക്കൾ. ഇപ്പോൾ ഈ ധീരനാരെടാ?

'ആരെടാ അത്?' ഹെഡ്മാസ്റ്റർ വിളിച്ചുചോദിച്ചു.

നിശ്ശബ്ദത.

'ഓ, അങ്ങനെവരിക്കുവാ.' ഹെഡ്മാസ്റ്റർ പറയാൻ തുടങ്ങി.

'പിന്നെ, ചോറു തിന്നിട്ട് ഇല പിറകുവശത്ത് ഇടരുത് .

...പിന്നെ'

'ഓ...'

'ആരെടാ അത്?'

'ഞാൻതന്നെയാ സാറേ'

ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കൊച്ചുകുട്ടി മുന്നോട്ടുവന്നു. ഞങ്ങൾ അവനെനോക്കി വാ പൊളിച്ചു. ഹെഡ്മാസ്റ്ററും അവനെസൂക്ഷിച്ചു നോക്കുന്നതു കണ്ടു. പിന്നെ ഹെഡ്മാസ്റ്റർ ചിരിച്ചു. ഞങ്ങളും കൂടെ ചിരിച്ചു.

പിന്നെ ചിരിയുടെ പൂരമായിരുന്നു.

എന്റെ പൂക്കളും നീയും
(കേരള ശാസ്ത്രസാഹിത്യ പരിഷത്ത്)

ചാർട്ടിൽ എഴുതിയ / ഫോട്ടോകോപ്പി എല്ലാ കുട്ടികൾക്കും വായിക്കാനവസരം

- ഈ കഥയുടെ പേര് ഇഷ്ടമായോ എന്തുകൊണ്ട് ?
- കഥയിലെ ഹെഡ്മാസ്റ്റർ നിങ്ങളായിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു.

തുടങ്ങിയ ചോദ്യങ്ങളിലൂടെ കഥ സംബന്ധിച്ച ചർച്ച ക്ലാസിൽ നടക്കുന്നു.

**ഇനി ഒരു കഥ കേട്ടോളൂ.**

*(സ്കൂൾ കഥകൾ-എം.കൃഷ്ണദാസ്) (ടീച്ചർ പേജ് 1819) ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്)*

*ടീച്ചർ കുട്ടികളുടെ ശ്രദ്ധ ആകർഷിക്കത്തക്കവിധം കഥ അവതരിപ്പിക്കുന്നു.*

## ടീച്ചർ 6

വിചാരിച്ചതിലും നന്നായാണ് ആർച്ച ക്ലാസെടുത്തു തുടങ്ങിയത്. ഇത്രയൊന്നും നന്നായി ചെയ്യാൻ കഴിയുമെന്നു കരുതിയതല്ല. അധ്യാപകദിനത്തിൽ വലിയ ക്ലാസുകളിലെല്ലാം കുട്ടികളാണു ക്ലാസെടുക്കുന്നതെന്നറിഞ്ഞപ്പോൾ ഒരു കൗതുകത്തിന് ഒന്നാം ക്ലാസിലും പറഞ്ഞതാണ്.

"എന്നാൽ നാളെ ഞാൻ ക്ലാസെടുക്കട്ടെ സാർ?" കുസൃതി കുറച്ചു കൂടുതലുള്ള ആർച്ച എടുത്തുചാടി ചോദിച്ചു.

"ഓ, അതിനെന്താ, കുട്ടി നാളെ റെഡിയായി വാ."
നടക്കാത്ത കാര്യമെന്നു കരുതിയാണു സമ്മതം കൊടുത്തത്.

രാവിലെ ക്ലാസിലെത്തിയപ്പോഴേക്കും ആർച്ച മേശയ്ക്കരികിലെത്തിയിരുന്നു. പതിവില്ലാതെ ബോർഡ് തുടച്ചിരുന്നു. മേശപ്പുറത്തു ചിന്നിച്ചിതറിക്കിടക്കാറുള്ള ചോക്കുകഷണങ്ങൾ വാരി പെട്ടിയിലിട്ടിട്ടുണ്ട്. ചിത്രപുസ്തകങ്ങൾ അടുക്കിവെച്ചിട്ടുണ്ട്.

യൂണിഫോമിനു പകരം ആർച്ച പുള്ളിയുടുപ്പാണിട്ടിരിക്കുന്നത്. തലമുടി ചീകിയൊതുക്കി 'റ'യും പൂവും വച്ചിട്ടുണ്ട്. കണ്ണെഴുതി, പൗഡറിട്ട്, പൊട്ടുംകുത്തി സുന്ദരിയായിട്ടുണ്ട്.

കയറിവന്നപ്പോൾ പതിവനുസരിച്ച് കുട്ടികൾ എഴുന്നേറ്റു നിന്നില്ല; ഗുഡ്മോണിങ് പറഞ്ഞില്ല. ഇന്നത്തെ ടീച്ചർ കയറി വന്നപ്പോൾ അതെല്ലാം ചെയ്തിട്ടുണ്ടാവുമെന്നു സമാധാനിച്ചു. മേശയുടെ അടുത്തേക്കു ചെല്ലാതെ ആർച്ചയുടെ പതിവു സീറ്റിലേക്കു ചെന്നു. അവളുടെ കൂട്ടുകാർ അല്പം നീങ്ങിയിരുന്നു.

ആർച്ച എല്ലാവരോടും ടെക്സ്റ്റുബുക്കെടുക്കാൻ പറഞ്ഞു.

"കുഞ്ഞിനിപ്പുഞ്ചിരിയാരു തന്നു.... എന്ന കവിത എല്ലാവരും എടുക്കൂ."

യാതൊരു ഭാവവ്യത്യാസവുമില്ലാതെ കുട്ടികളെല്ലാം പാഠം തുറന്നു.

"എല്ലാവരും ആ പാഠം സ്വന്തമായി വായിച്ച് ഊണമുണ്ടാക്കുക." ഗൗരവംവിടാതുള്ള കല്പന. പതിവിനു വിപരീതമായി ശബ്ദമേതുമില്ലാതെ എല്ലാവരും കവിതയിൽ ശ്രദ്ധചെലുത്തി.

ഇതിനിടയിൽ പോക്കറ്റിലെ മൊബൈൽ ചിലച്ചു. കുട്ടികളുടെ ശ്രദ്ധയ്ക്കു ഭംഗം വരുത്താതിരിക്കാൻ വേഗം വരാന്തയിലേക്കിറങ്ങി. മൊബൈലെടുത്ത് ചെവിയോടടുപ്പിക്കുമ്പോഴേക്കും ക്ലാസിൽനിന്നു കുട്ടികളൊന്നാകെ പുറത്തേക്കു വരുന്നതു കണ്ട് ദേഷ്യത്തിൽ ചോദിച്ചു:

"എവിടേയ്ക്കാ...?"

"ആർച്ചട്ടീച്ചറോടു ചോദിച്ചിട്ടാ...." തിരിഞ്ഞുനോക്കുക പോലും ചെയ്യാതെ അവർ ഗ്രൗണ്ടിലേക്കോടി. ◉



**രണ്ട് കഥകൾ പരിചയപ്പെട്ടല്ലോ**

ഇനി സ്കൂളുമായി ബന്ധപ്പെട്ട് നിങ്ങളെഴുതിയ സംഭവങ്ങൾ ഒന്നുകൂടി ഓർത്തുനോക്കൂ.

- എന്നാണ് സംഭവിച്ചത് ?
- ആരൊക്കെയാണ് ഈ സം വത്തിൽ ഉണ്ടായിരുന്നത് ?
- സംഭവത്തിൽ നടന്ന പ്രധാന സംഭാഷണങ്ങൾ ഏവ ?

*ഇനി ഒന്ന് എഴുതിനോക്കൂ എല്ലാ കുട്ടികളും അനുഭവങ്ങൾ എഴുതുന്നതിന് അവസരം*

- ചെറിയ ഗ്രൂപ്പിൽ (4-5) കുട്ടികളുള്ള ഗ്രൂപ്പിൽ വായിക്കട്ടെ.
- മികച്ചത് ഏതെന്ന് ഓരോ ഗ്രൂപ്പും കണ്ടെത്തണം.
- ഒന്നിലധികം മികച്ചതെന്ന് തോന്നിയാൽ ഗ്രൂപ്പിനവതരിപ്പിക്കാൻ അവസരം നൽകണം.

അവതരണത്തിന് ചർച്ച.

ഇതിൽ കഥയായി അനുഭവപ്പെട്ട രചനകൾ ഏവ ?

അതിന്റെ പ്രത്യേകതകൾ എന്ത് ?

നല്ല തുടക്കം

തമ്മിലുള്ള ബന്ധം (ആശയങ്ങൾ)

കഥാപാത്രങ്ങൾ

സംഭവത്തെ അവതരിപ്പിച്ചു

നല്ല തലക്കെട്ട്

കുട്ടികളുമായി ചർച്ചയ്ക്ക് ശേഷം മേൽപറഞ്ഞ സൂചകങ്ങൾ പരിചയപ്പെടുത്തണം

തുടർന്ന് സ്വന്തം അനുഭവത്തെ കഥയായി മെച്ചപ്പെടുത്തി എഴുതാൻ അവസരം

കഥകൾ ശേഖരിച്ച് പതിപ്പാക്കൽ.

## സർഗവേള - മൊഡ്യൂൾ (3)

### അമ്പിളി വട്ടം പപ്പട വട്ടം

ക്ലാസിനെ രണ്ടു ഗ്രൂപ്പാക്കുന്നു.

ഒന്ന് : പപ്പടം                രണ്ട് : ചന്ദ്രൻ

**അതത് വിഷയം വെച്ച് കടങ്കഥകൾ ശേഖരിക്കുന്നു.**

**പപ്പടം :**

1. കുളിക്കാൻ പോകുമ്പോൾ
   കുഴഞ്ഞ് കുഴഞ്ഞ്
   കുളിച്ച് വരുമ്പോൾ
   നിവർന്ന് നിവർന്ന്
2. പച്ചക്കൊരു കെട്ട്
   ചുട്ടാലൊരു കൊട്ട
3. പോകുന്നേരം വയസത്തി
   പോരുംന്നേരം വമ്പത്തി
4. നനവേറ്റെന്നാൽ വാട്ടം തട്ടും
   ചൂടേറ്റെന്നാൽ വാട്ടം തീരും
5. കുളിക്കാൻപോകുമ്പോൾ വെളുത്തമ്മ
   കുളിച്ചുവരുമ്പോൾ പൊന്നമ്മ

**ചന്ദ്രൻ :**

1. ആകാശത്തൊരു തേങ്ങാപ്പൂള്
2. തിത്തിത്തൈ എന്നൊരു
   കൊയ്ത്തരിവാൾ
3. മാനത്തൊന്നു നോക്കിനടന്നാൽ
   കൂടെ നടക്കും എന്നോടൊപ്പം
4. ഇരുൾ വീണാൽ
   വെളിച്ചമായുണ്ടു ഞാൻ
   പകലായാൽ
   കൂട്ടിനായുണ്ടു ഞാൻ
5. തേങ്ങാപ്പൂളായ് എത്തും ഞാൻ
   പപ്പട വട്ടമായ് ചിരിക്കും ഞാൻ

സാധാരണ പപ്പടത്തിന്റെ ഒരു കടങ്കഥമായി ഉപയോഗിക്കുന്ന ഒരു കടങ്കഥയാണ്.

**ഞെട്ടില്ല വട്ടയില**

കുട്ടികൾ അടുത്തവരി എഴുതട്ടെ, ഏറ്റവും അനുയോജ്യമായത് കണ്ടെത്താൻ എഴുതിയതെല്ലാം ബോർഡിൽ ശേഖരിക്കുന്നു. ചർച്ച ചെയ്ത് കണ്ടെത്തുന്നു.

ടീച്ചർക്ക് : പൊട്ടിക്കാൻ കിട്ടില്ല.

അതിനുശേഷം ചുവടെക്കൊടുത്ത കവിതാഭാഗം ബോർഡിലെഴുതുന്നു.

രചന : രാമകൃഷ്ണന കുമരനല്ലൂർ

"ചളി നിറഞ്ഞ്
ചളി നിറഞ്ഞ്
കുഴിയിറ്റു വെള്ളം
ചിരി വഴിഞ്ഞ്
ചിരി വഴിഞ്ഞ്
.. .. .. .. .. .. ..

അടുത്ത വരി എഴുതിക്കുന്നു. അനുയോജ്യമായത് കണ്ടെത്തുന്നു. തുടർന്ന് കവി ഇതിന് ചന്ദ്രൻ എന്നാണ് തലക്കെട്ട് കൊടുത്തിരിക്കുന്നത്. എങ്കിൽ അവസാന വരി മാറ്റി എഴുതാമോ. വീണ്ടും കുട്ടികൾ എഴുതുന്നു. എഴുതുന്നത് ബോർഡിൽ ശേഖരിക്കുന്നു. ചേർച്ച കണ്ടെത്തുന്നു. കവി എഴുതിയ വരി പരിചയപ്പെടുത്തുന്നു. ചേർച്ച ചർച്ച ചെയ്യുന്നു.

ടീച്ചർക്ക് :

അതിലൊരിറ്റ് ചന്ദ്രൻ

**പപ്പടം, ചന്ദ്രൻ തുടങ്ങിയ ആശയം വരുന്ന മറ്റു കവിതകൾ പരിചയപ്പെടുത്തുന്നു.**

**ചന്ദ്രൻ : കവിതകൾ**

മാനത്തുണ്ടൊരു കിണ്ണം
കിണ്ണം നിറയെ പാല്
കിണ്ണം തട്ടി മറിഞ്ഞു
പാലല വീണു മണ്ണിൽ
രാമകൃഷ്ണൻ കുമാരനല്ലൂർ

വാവാവാ പൂനിലാവേ
വാനിൽ പൊട്ടിയ പുഴപോലെ
വെള്ളാമ്പൽ പൂക്കൾക്കെ
ന്തുല്ലാസം, തീരങ്ങൾ
നിമ്മലമായ് നിന്നാലേ
വെണ്മണലിൽ വിരിപോലെ!
വാവാവാ പൂനിലാവേ
വാർന്നൊഴുകീടും പുഴപോലെ
പുന്നാരമാമൻ പാവങ്ങൾ
താരകക്കുഞ്ഞുങ്ങൾക്കാരാണു
രാത്രിയിൽ കൂട്ടമ്മേ?
പേടിയാവില്ലേയവർക്കങ്ങ് മാനത്ത്
ചുറ്റുമിരിട്ടല്ലേ ?
അരുമക്കിടാങ്ങൾക്കു കൂട്ടായി മാനത്ത്
മാമനൊരാളില്ലേ
പൂനിലാപ്പുഞ്ചിരി വാരിപ്പുതപ്പിച്ചു
മിണ്ടാതെ നിൽക്കുന്നു. **- *ഇ.എൻ.ഷീജ***

എന്തിനിങ്ങനെ കുഴയുന്നു
ചുണയില്ലാതെ കിടക്കുന്നു.
മുങ്ങി നിവർന്നാലുന്മേഷം
പൊള്ളത്തരമല്ലെന്നാലും **- *രാമകൃഷ്ണൻ കുമാരനല്ലൂർ***

**പപ്പടം : കവിതകൾ**

ടം
പടം
പപ്പടം
പടപടം
പപ്പടം
പിട്പിടും
പൊടിപൊടി
പപ്പടം പൊടി പൊടി
പൊടിപൊടി പ്ടം **- കുഞ്ഞുണ്ണിമാഷ്**

പരത്തിപറഞ്ഞാൽ പർപടകം
ഒതുക്കിപ്പറഞ്ഞാൽ പപ്പടം
വേഗം പറഞ്ഞാൽ പപ്ടം
അതു ചുട്ടെടുത്തൊന്നമർത്തിയാൽ പ്ടം
**- *കുഞ്ഞുണ്ണിമാഷ്***

ഇത്തരം കവിതകൾ പരിചയപ്പെടുത്തിയ ശേഷം ചന്ദ്രൻ, പപ്പടം ഇവ ചേർത്ത് ഒരു മൂന്നാം ക്ലാസുകാരൻ അഭിഷേക് എഴുതിയ കവിത പരിചയപ്പെടുത്തുന്നു.

**ഞെട്ടൽ**

അമ്പിളിമാമൻ ഞെട്ടിപ്പോയി
എന്നെപ്പോലൊരാൾ ഭൂമിയിലോ
അപ്പു ചൂണ്ടിയ ദിക്കു നോക്കിയ
മാമൻ വീണ്ടും ഞെട്ടിപ്പോയ്
അപ്പൂന്റമ്മ പൊരിച്ചു പപ്പടം

തുടർന്ന് കുട്ടികളെക്കൊണ്ട് എഴുതിക്കുന്നു. അവതരിപ്പിക്കുന്നു. ചർച്ച ചെയ്യുന്നു. മെച്ചപ്പെടുത്തുന്നു. മാറ്റി എഴുതി വാങ്ങി പതിപ്പാക്കുന്നു.

## പാട്ടരങ്ങ്

*ചുവടെ ചേർത്തിട്ടുള്ളതുപോലുള്ള നാടൻപാട്ടുകൾ കുട്ടികൾക്ക് മുൻകൂട്ടി നിർദ്ദേശം നൽകി ശേഖരിക്കുന്നതിന് അവസരം നൽകണം. നാലോ അഞ്ചോ നാടൻപാട്ടുകൾ ചാർട്ടിൽ എഴുതി പരിചയപ്പെടുത്തണം. കുട്ടികളെ ഗ്രൂപ്പായി തിരിച്ച് എതെങ്കിലും ഒരു പാട്ട് ഗ്രൂപ്പുകൾ ചൊല്ലുന്നതിന് അവസരം. വ്യത്യസ്ത ഗ്രൂപ്പുകൾ വ്യത്യസ്ത പാട്ടുകൾ ചൊല്ലുന്നതിന് അവസരം.*

*കരിയില കരിച്ച തടത്തിൽ*
*കക്കരി നട്ടൂ ബാപ്പൂട്ടി*
*മുളച്ചു പൊങ്ങീ കക്കരിവള്ളി*
*വെണ്ണീർ വിതറി ബാപ്പൂട്ടി*
*പാറ്റി നനച്ചൂ ബാപ്പൂട്ടി*
*പന്തലു കെട്ടീ ബാപ്പൂട്ടി*
*പന്തൽ നിറച്ചും കക്കരിവള്ളി*
*പടർന്നു കേറി, പൂവിട്ടു*
*പച്ചടി വെക്കാൻ കക്കരി*
*പറിച്ചെടുത്തു ബാപ്പൂട്ടി*
*അങ്ങേ വീട്ടിലുമിങ്ങേവീട്ടിലും*
*കൊണ്ടു കൊടുത്തൂ ബാപ്പൂട്ടി*
*മൂത്തു മുരച്ചൊരു കക്കരിക്ക*
*വിത്തിനു വെച്ചൂ ബാപ്പൂട്ടി*

*റാകി പറക്കുന്ന ചെമ്പരുന്തേ*
*നീയുണ്ടോ മാമാങ്ക വേലകണ്ടു*
*വേലയും കണ്ടു വിളക്കും കണ്ടു*
*കടലിൽ തിര കണ്ടു കപ്പൽകണ്ടു*
*കടലിൽച്ചാൺ ചാഞ്ഞ കരിഞ്ഞണ്ടിന്മേൽ*
*കടന്തൽ പിടിപ്പാൻ വിരുതാർക്കുള്ളൂ*
*തച്ചുള്ള വീട്ടിൽ രണ്ടു പിള്ളേരുണ്ടു*
*പിള്ളേരെവിളിപ്പാൻ രണ്ടാളയച്ചു*
*പിള്ളേരും വന്നു പോയാളും വന്നു*
*പട്ടുമുടുത്തു പണിത്തൊപ്പിയിട്ടു*
*ഈർക്കികരയനും തോൾമേലണിന്തു*
*കടന്തൽ പിടിച്ചവർ കൂട്ടിലിട്ടു*
*ഇളയതുലക്കാരന് കാഴ്ചവച്ചു*

## സർഗവേള മൊഡ്യൂൾ 4, 5

# ഏർപ്പാട്

രാവിലെ ക്ലോക്കിൽ മണി പത്തടിയ്ക്കുമ്പോൾ
ഞാൻ സ്കൂളിലേയ്ക്കുള്ള വഴിയേ നടക്കുന്നു.
എല്ലാദിവസവും. തലച്ചുമടിൽ
വള, മാല, കൺമഷി, പൊട്ട്, ചാന്തുമായി ഊരുചുറ്റുന്ന
ആ വഴി വാണിഭക്കാരനെ കാണാം.
അയാൾക്ക് ധൃതി കൂട്ടാനൊന്നുമില്ല.
മുൻകൂട്ടിതയ്യാറാക്കി ഉറപ്പിച്ച വഴികളില്ല.
ആരോടും സമ്മതം ചോദിക്കാനില്ല.
വീട്ടിൽ തിരിച്ചെത്തേണ്ട കൃത്യസമയമില്ല. !

വലുതാവുമ്പോൾ
വളേയ്.. .. കുപ്പിവളേയ്.. .. എന്നു വിളിച്ചാർത്ത്
പകൽ മുഴുവൻ ഇഷ്ടം പോലെ ഊരുചുറ്റുന്ന
ഒരു വഴിവാണിഭക്കാരനാവാൻ ഞാൻ ആഗ്രഹിക്കുന്നു.

***— രബീന്ദ്രനാഥ ടാഗോർ***

- രബീന്ദ്രനാഥ ടാഗോറിന്റെ കവിത ടീച്ചർ ക്ലാസ്സിൽ എഴുതി പ്രദർശിപ്പിക്കുന്നു. ആവശ്യമായ അംഗവിക്ഷേപങ്ങളോടെയും ശബ്ദനിയന്ത്രണതത്തോടെയും വായിക്കുന്നു.
- വളക്കച്ചവടക്കാരന്റെ ജീവിതം എങ്ങനെയുള്ളതാണ്? അത് സന്തോഷകരമാണോ? എന്തുകൊണ്ട്? ധൃതികൂട്ടാനൊന്നുമില്ല, ഉറപ്പിച്ച വഴികളില്ല, ആരോടും സമ്മതം ചോദിക്കേണ്ട, കൃത്യസമയം പാലിക്കേണ്ട, വിളിച്ചാർത്ത് നടക്കാം .. .. എന്നിങ്ങനെയുള്ള സന്തോഷങ്ങൾ കുട്ടികൾകണ്ടെത്തും. യഥാർത്ഥത്തിൽ നാം വിദ്യാലയത്തിൽ കുട്ടിയുടെ നൈസർഗികമായ ചലനങ്ങളേയും സ്വതന്ത്രമായ പ്രവർത്തനങ്ങളേയും, അവർക്ക് ആവശ്യമായ സമയം ഓരോ പ്രവർത്തിക്കും, അനുവദിക്കുന്നതിന്റെയും ഒക്കെ കാര്യത്തിൽ ചെലുത്തുന്ന വലിയ അധാരമികമായ നിയന്ത്രണങ്ങളെക്കുറിച്ച് നമ്മെ, മുതിൽന്നവരെ, ഓർമിപ്പിക്കുന്ന കവിതയാണ് ഇത്.)
- തെരുവു കച്ചവടക്കാരന്റെ കയ്യിൽ എന്തെല്ലാണുണ്ടാവും ?
- തെരുവു കച്ചവടക്കാരനെ കാണുമ്പോൾ നാം എങ്ങനെയാണ് നോക്കുക? അഭിനയിച്ചു കാണിക്കുക ?
- വളക്കച്ചവടക്കാരനെ കാണുമ്പോൾ നാം അച്ഛനോട്/അമ്മയോട് എങ്ങനെയാണ് സ്വന്തം ആഗ്രഹങ്ങൾ അറിയിക്കുക ? (പിയർ ഗ്രൂപ്പ്)

*(ഈ സന്ദർഭത്തിൽ എഴുത്തിനും വായനയ്ക്കും ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് കൂടുതൽ പരിഗണന നൽകണം. ഒപ്പം അവർക്ക് നല്ല പ്രോത്സാഹനം നൽകാനും ശ്രമിക്കണം).*

തുടർന്ന് എല്ലാവരും വ്യക്തിപരമായി തെരുവുകച്ചവടക്കാരനെ വരയ്ക്കട്ടെ. ക്രയോൺസ് ഉപയോഗിച്ച് നിറം നൽകാം. എല്ലാ ചിത്രവും ക്ലാസിൽ പ്രദർശിപ്പിക്കുന്നു. എല്ലാം നല്ല ചിത്രങ്ങളാണ്. എന്നാൽ ഈ കവിതയ്ക്ക് ഒപ്പം ചേർക്കാൻ ഏറ്റവും യോജിച്ച ചിത്രം തെരെഞ്ഞെടുത്തുക. തെരെഞ്ഞെടുത്ത

ചിത്രം (ഒന്നിലധികം എണ്ണം തെരെഞ്ഞെടുത്തെങ്കിൽ അവയെല്ലാം) കവിതയെഴുതിയ ചാർട്ടിൽ ഒട്ടിക്കുക.
തുടർന്ന് : (ഒരു പക്ഷെ ഇത് അടുത്ത ദിവസമാകാം) അങ്ങനെയെങ്കിൽ ഈ കവിതയുടെ വായനയും കുട്ടികളുടെ ചിത്രവും വീണ്ടും ഒന്നുകൂടി ഓർമ്മിപ്പിക്കണം)
ടീച്ചർ കുമാരനാശാന്റെ ഈ കവിതാഭാഗം പ്രദർശിപ്പിക്കുന്നു.

*ചൊല്ലുകെന്തു ചെറുപക്ഷീനീകളി -*
*ച്ചുലസിച്ച് തിതുപോലെയെപ്പെഴും*
*അല്ലൽ നീയരികയില്ലയോ നിന-*
*ക്കില്ലയോ പറകെഴുത്തു പള്ളിയും*
*ചേണിയന്ന ചിറകാർന്നൊരോമന-*
*പ്രാണിനിൻ തടവകന്ന ലിലകൾ*
*കാണുകിൽ കൊതിവരും പഠിക്കുവാൻ-*
*പോന്നു കൊച്ചുകിളിയായതില്ല ഞാൻ*

ടീച്ചർ കവിത രണ്ടോ മൂന്നോ തവണ വായിച്ചു കൊടുത്താൽമതി. വൃത്തബോധത്തോടെ ചൊല്ലണം.

- ഇവിടെ കുട്ടിയ്ക്ക് ആരാവാനാണ് ഇഷ്ടം ?
- എല്ലാ കുട്ടികൾക്കും ഓരോ ഇഷ്ടമാണോ ?
- എങ്കിൽ നിങ്ങൾക്ക് വലുതായാൽ ആരാവാനാണ് ഇഷ്ടം & ആലോചിച്ച് എഴുതുന്നു.
- കുട്ടികൾ എഴുതികഴിഞ്ഞാൽ എല്ലാവർക്കും അവരവരുടെ ആഗ്രഹങ്ങൾ പറയാൻ അവസരം നൽകണം. എന്നാൽ മറ്റുകാര്യങ്ങളിൽ പിന്നോക്കം നിൽക്കുന്നവർക്ക് ആയിരിക്കണം.മുൻഗണന. കുട്ടികൾ പറയുന്ന കാര്യങ്ങൾ ടീച്ചർ ബോർഡിൽ എഴുതണം.
- ഇനി ഓരോരുത്തരും വലുതാവുമ്പോൾ ആരാവാനാണ് ആഗ്രഹിക്കുന്നത് എന്നും എന്തുകൊണ്ട് അങ്ങനെ ആഗ്രഹിക്കുന്നുവെന്നും വിശദമാക്കുന്ന കുറിപ്പ് എഴുതട്ടെ.
  (കുട്ടികൾ എഴുതുമ്പോൾ തീർച്ചയായും എന്താവാൻ ആഗ്രഹിക്കുന്നുവെന്നു അതിന്റെ സന്തോഷങ്ങൾ എന്തെല്ലാമായിരിക്കും എന്ന് മാത്രമേ എഴുതാനിടയുള്ളൂ. അതിനാൽ ചർച്ചയ്ക്ക് ഒരു വഴിത്തിരുവു വരുത്തണം).
- വളക്കച്ചവടക്കാരന്റെ ജീവിതം എപ്പോഴും രസകരമാണോ?
- അയാൾക്ക് എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടവുമോ?
- വളക്കച്ചവടക്കാരന്റെ ജീവിതത്തിലെ പ്രയാസങ്ങൾ എന്തെല്ലാമായിരിക്കും?
- എപ്പോഴും പാറിനടക്കുന്ന പക്ഷിയുടെ ജീവിതത്തിൽ ഒരു പ്രായാസവും ഉണ്ടാവില്ലേ?
  (ക്ലാസിൽ പൊതുചർച്ച നടത്തുന്നു)
- ശരി എങ്കിൽ നിങ്ങൾ ആരാവാനാഗ്രഹിക്കുന്നുവെന്നും അതിന്റെ ഗുണങ്ങൾ എന്തെല്ലാമാണെന്നും ദോഷങ്ങൾ എന്തെല്ലാമാണെന്നും എന്നിട്ടും നിങ്ങൾ എന്തുകൊണ്ട് അങ്ങനെ ആഗ്രഹിക്കുന്നുവെന്നും ഉൾക്കൊള്ളുന്നതരത്തിൽ കുറിപ്പ്മാറ്റിയെഴുതുക.

**അസൂയ**

**ഉണ്ണിക്ക് അസൂയ മൂത്തു**

*മാവിന്റെ ഒത്ത നിറുകയിലുള്ള ചില്ലയിൽ നിന്ന് താഴോട്ടുനോക്കി ചിൽ, ചിൽ എന്നു ചിലക്കുന്ന അണ്ണാനെക്കൊണ്ട് ഉണ്ണിക്ക് അസൂയമൂത്തു. ഇന്നലെ ഉണ്ണി മാവിന്റെ താഴത്തെക്കൊമ്പിൽ ഒന്നു കയറാൻ ശ്രമിച്ചതാ- പിടിവിട്ട് ധിം ! അണ്ണാന് എന്തൊരു രസം. മരത്തിന്റെ ഒത്ത മുകളിൽ നിന്ന് എന്നെനോക്കി കളിയാക്കുയാണവൻ.*

*ഒരു അണ്ണാനായി ജനിച്ചാൽ മതിയായിരുന്നു. ! പരുന്ത് - പാവം അണ്ണാൻ അവന്റെ ചിൽ, ചിൽ എന്ന കരച്ചിൽ ദൂരേക്ക് ദൂരെക്ക് പറന്ന് അകന്നു.*

*ഒരു ഉണ്ണിയുടെ മോഹം അണ്ണാനാവാനായിരുന്നു.*

(കുട്ടികൾക്ക് ഈ മാതൃക വായിച്ചശേഷം വീണ്ടും മാറ്റിയെഴുതാനവസരം നൽകണം.)

## സ്കൂൾതല ശില്പശാല

## മഴ പെയ്യുമ്പോൾ

മഴ പെയ്യുമ്പോൾ തോന്നുമെനിക്കീ
മഴയിലിറങ്ങി നടക്കേണം
പാടവരമ്പു മുറിച്ചുകടന്നാ-
തോട്ടിൻകരയിലിരിക്കേണം

തവളകൾ വീണക്കമ്പി മുറുക്കീ
പാടുംപാട്ടുകൾ കേൾക്കേണം
കാറ്റും മഴയും ഇക്കിളി കൂട്ടും
വൃക്ഷത്തണലിൽ നടക്കേണം.

പുരയുടെ മുകളിൽ വെള്ളത്തുണികൾ
തീർക്കും നാദം കേൾക്കേണം
തോട്ടിൽ, ആറ്റിൽ മഴവെള്ളത്തിൽ
പാദസരങ്ങൾ കിലുക്കേണം

കുട ചൂടാത്തൊരു കുന്നമ്മാവൻ
മഴ കൊള്ളുന്നതു കാണേണം
മേഘത്തിൻ തിരമാലകൾ മൂടും
മാനം നോക്കിയിരിക്കേണം

മഴയുടെ പാട്ടുകൾ പാടും കിളിയുടെ
കൂട്ടിനുള്ളിലിരിക്കേണം
ഒരു മഴ പോയി വരുന്നൊരു മഴയുടെ
സംഗീതത്തിൽ ലയിക്കേണം

പാളംകേറി പാഞ്ഞുവരുന്നൊരു
മഴയുടെ വണ്ടിയിൽ കയറേണം
ദൂരെ പാടം, വീടുകൾ, മലകൾ
മഴ നനയുന്നതു കാണേണം                    ***(എ. ജയകൃഷ്ണൻ)***

കുട്ടികളുമൊത്ത് ഈ കവിത പാടുന്നു. 12, 16 വരികൾ പാടിക്കഴിഞ്ഞപ്പോൾ നിങ്ങൾക്ക് മഴ പെയ്യുമ്പോൾ എന്തുതോന്നി. എഴുതുവാനവസര് നൽകാം. കുട്ടികൾ എഴുതിയ വരികൾ വായിച്ച വതരിപ്പിക്കാം ചർച്ച ചെയ്യാം.

തുടർന്ന് കുട്ടികൾക്ക് 10 പേർ വീതമുള്ള ഗ്രൂപ്പിൽ 5 തുടർച്ചയുള്ള നിർദ്ദേകങ്ങൾ നൽകുന്നു.

(1) ഉദാ : 1. കുഴിയെടുത്ത് മരത്തെ നടുന്നു.
2. മരത്തിന് വെള്ളവും വളവും നൽകി മരം വലുതാവുന്നു.
3. മരത്തിന്റെ കൂട്ടുകാർ വന്നുചേരുന്നു.
4. മരം അവർക്കെല്ലാം സദ്യ ഒരുക്കുന്നു.
5. ഒരു ദിവസം .. .. .. .. ..

(2) ഉദാ : 1. ഒരു കൂട്ടം പക്ഷികൾ ആകാശത്ത് പാറിനടക്കുന്നു.

2. ഒരു കൂട്ടം കുട്ടികള ചേർന്ന് അതിലൊന്നിനെ തെറ്റാലി വച്ചു എറിഞ്ഞു വീഴ്ത്തുന്നു.
3. അമ്മക്കിളി വന്ന് കുട്ടികളെ കൊത്തി ഓടിക്കുന്നു.
4. മരം അതിന്റെ ചില്ല താഴ്ത്തിക്കൊടുത്ത് കുഞ്ഞിക്കിളിയെ അതിന്റെ പൊത്തിൽ കയറ്റിയിരുത്തുന്നു.
5. കുട്ടികൾ വന്ന് .. .. .. ..

**(3) ഉദാ : 1. കാട്ടിൽ നിന്നും മെല്ലെ പുറപ്പെട്ട പുഴ ചെറിയ തോടുകളെയെല്ലാം കൂടെകൂട്ടി** താഴേക്കൊഴുകുന്നു.
2. പുഴയിലും പുഴയരികിലും കൂട്ടുകാർ വന്നു നിറഞ്ഞ് പുഴയോട് കൂട്ടുകൂടുന്നു.
3. ഒരു ദിവസം പുഴയ്ക്കു കുറുകെ ഒരു പാലം വരുന്നു.
4. പാലത്തിൽ വാഹനങ്ങൾ ചീറിപ്പായുന്നു. ചപ്പും ചവറും പുഴയിലെറിയുന്നു.
5. അങ്ങനെയങ്ങനെ പുഴ .. .. .. ..

**(4) ഉദാ : 1. വിശാലമായ പാടം, പാടത്ത് പണിയെടുക്കുന്നവർ, പക്ഷികൾ മൃഗങ്ങൾ**
2. തൊട്ടടുത്ത് ഒരുകുന്ന്, കുന്നിൽ കളിച്ചുരസിക്കുന്ന കുട്ടികൾ, മൃഗങ്ങൾ, പക്ഷികൾ
3. പാഞ്ഞുവരുന്ന ലോറി, മുതലാളി ലോറിയിൽ നിന്നിറങ്ങി കുന്നിനോട് ലോറിയിൽ കയറാനാജ്ഞാപിക്കുന്നു. കുന്നിനെ ലോറിയിൽ കയറ്റുന്നു
4. വണ്ടി പാടത്തിനരികിൽ നിൽക്കുന്നു. കുന്നിനെ പാടത്തേക്ക് മറിക്കുന്നു. പാടത്തുള്ളവർ കുന്നിനടിയിൽ പെട്ട് മരിക്കുന്നു.
5. പിന്നെ, പാടം നിന്നിടത്ത് .. .. .. ..

(ഇവ കേവലം മാതൃകകളാണ്. ഓരോ പ്രദേശത്തും അവിടുത്തെ സാഹചര്യമനുസരിച്ച് അഭിനയസാധ്യതയുള്ള തീം കണ്ടെത്തി നൽകാം. നൽകുന്ന നിർദ്ദേശങ്ങൾ ഓരോന്നും പ്രത്യേകം കടലാസിലാണ് എഴുതി നൽകേണ്ടത്. ഗ്രൂപ്പിൽ കുട്ടികൾ അവയുടെ ക്രമം കണ്ടെത്തണം. കുട്ടികളുടെ അഭിനയത്തികവിനല്ല, മറിച്ച് ആവിഷ്ക്കാരത്തെ അടിസ്ഥാനമാക്കിയാണ് വിലയിരുത്തേണ്ടത്. ഉദാഹരണമായി കുട്ടികൾ ക്ലാസിൽ ഒരു പുഴയെ ആവിഷ്ക്കരിക്കുന്നതെങ്ങനെ.

ഓരോ ഗ്രൂപ്പിനും തയ്യാറെടുപ്പിന് കുറഞ്ഞത് 15 മിനിറ്റെങ്കിലും നൽകണം. അവതരണത്തിനു ശേഷം മറ്റു ഗ്രൂപ്പുകൾക്ക് അഭിപ്രായങ്ങൾ പറയാൻ അവസരം നൽകണം. അവതരണത്തിനു ശേഷം മറ്റു ഗ്രൂപ്പുകൾക്ക് അഭിപ്രായങ്ങൾ പറയാൻ അവസരണം നൽകണം.

- ☐ കൃത്യമായി ആശയവിനിമയം ചെയ്യാൻ സാധിച്ചോ
- ☐ ഏറ്റവും നന്നായി അവതരിപ്പിച്ചത് എന്തിനേയാണ് (ഏത് ഗ്രൂപ്പ് എന്നല്ല മറിച്ച് പുഴയെ, കുന്നിനെ, എന്നിങ്ങനെ Improvisation പ്രത്യേകതയിലേക്ക് ശ്രദ്ധ കൊണ്ടുവരുവാൻ ഈ ചർച്ചയിൽ ശ്രമിക്കേണ്ടത്.)
- ☐ ഏറ്റവും നല്ല അഭിനയം ആരുടെയൊക്കെയായിരുന്നു. പഞ്ചായത്ത് തലത്തില അഭിനയവുമായി ബന്ധപ്പെട്ട് പങ്കെടുക്കേണ്ടവരെ തെരെഞ്ഞെടുക്കാൻ ഈ സന്ദർഭം ഉപയോഗിക്കാം.

II. തുടർന്ന് കുട്ടികൾക്ക് ഗ്രൂപ്പിൽ (5 പേർ വരുന്ന ഗ്രൂപ്പ് മതി) ശങ്കുവിന്റെ അപ്പൂപ്പൻ എന്ന കഥാപുസ്തകം വായിക്കാൻ നൽകണം. (കഥയും വരയും സന്തോഷ് വെളിയന്നൂർ, പ്രസാധനം, കേരള സംസ്താന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്) വായനയ്ക്കു മുന്നോടിയായി വരയിലേക്ക് കുട്ടികളുടെ ശ്രദ്ധ കൊണ്ടുവരുവാൻ ഉതകുന്ന ചെറിയ ചർച്ച നടക്കണം.



എണങ്ങിയും പിണങ്ങിയും കൊടുത്തും വാങ്ങിയും ചവർപ്പുള്ള നെല്ലിക്ക തിന്നിട്ട് കാട്ടരുവിയിലെ വെള്ളം കോരികുടിച്ചും)

(ഉദാ : മൈലാടും കുന്നിന്റെ ഉച്ചിയിലെത്തി കൂവിവിളിച്ച് ലോകം ഞങ്ങളുടെതാണ് എന്നറിയിച്ചു)

പുസ്തകത്തിലെ ഏറ്റവും മധ്യഭാഗത്തെ പേജ്.

- ഈ കുട്ടി എന്തായിരിക്കും തിന്നുന്നത് ?
- അതെങ്ങനെ മനസ്സിലായി?
- ചിത്രം വായിക്കാനാവുമോ?

ചിത്രം വായിക്കാനുള്ളതാണെന്ന തിരിച്ചറിവിലെത്തിക്കാൻ ഈ ചർച്ചകൊണ്ട് സാധിക്കണം. കുട്ടികൾ കഥ മുഴുവനും വായിക്കട്ടെ. കഴിയുമെങ്കിൽ യഥാർത്ഥ പുസ്തകം ഓരോ ഗ്രൂപ്പിനും നൽകാൻ ശ്രമിക്കണം. അതു സാധിച്ചില്ലെങ്കിൽ ഇതോടൊപ്പം ചേർത്തിട്ടുള്ള ഈ പുസ്തകത്തിന്റെ Text കുട്ടികൾ വായിക്കട്ടെ.

## മിഴിയോരക്കാഴ്ചകൾ

മിഴികളിൽ പുഴയൊന്നു തങ്ങിനിന്നു
മിഴികളിൽ വയലുകളാടിനിന്നു.
മിഴികളിൽ വർണ്ണം നിറഞ്ഞുനിന്നു
മിഴികളിൽ പൂവുകൾ പുഞ്ചിരിച്ചു
മിഴികളിലിൽ പൊഴിവും കാടുമുണ്ട്

മിഴികളിൽ പാടും പറവയുമുണ്ട്
മിഴിയൊന്നടയ്ക്കാതെ നോക്കി നിന്നാൽ
മിഴിയോരക്കാഴ്ചകൾ വന്നുതിരയും

ദിവ്യ. 6–ാം ക്ലാസ്
കെ.എ.യു.പി.എസ് ഇമ്പുലാശേരി

ഈ കവിത ക്ലാസിൽ എഴുതി പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഒന്നിച്ചു പാടുന്നു.
രണ്ടോ മൂന്നോ തവണ ഒന്നിച്ചു ചൊല്ലിയതിനുശേഷം ഓരോരുത്തരം ഈ കവിതയ്ക്ക് ഒരു ചിത്രം വരയ്ക്കട്ടെ.

- കുട്ടികൾ ചിത്രം വരയ്ക്കുന്നു. മിക്കവാറും കുട്ടികൾ കവിതയിൽ ദൃശ്യം (പാടം, പുഴ, കാട്, പൂക്കൾ.... ) ചിത്രീകരിക്കാനാണ് സാധ്യത ആ സന്ദർഭത്തിൽ ടീച്ചർ ഇടപെടുന്നു.
- യഥാർത്ഥത്തിൽ ഈ ദൃശ്യം എവിടെയാണ്?
  മിഴികളിൽ, കണ്ണിൽ !
- ആരുടെ കണ്ണിൽ?
  നോക്കുന്നയാളുടെ കണ്ണിൽ
- അപ്പോൾ ഇവിടെ ഒരു കാഴ്ചക്കാരനുണ്ടല്ലോ ?
  കാഴ്ചക്കാരനില്ലാതെ ഈ ചിത്രം പൂർത്തിയാകുമോ?

കുട്ടികൾ ചിത്രം വീണ്ടും വരയ്ക്കട്ടെ വരച്ച ചിത്രങ്ങൾ പ്രദർശിപ്പിക്കണം.
മികച്ച ചിത്രം തെരെഞ്ഞെടുക്കാൻ കുട്ടികളോട് ആവശ്യപ്പെടാം.
(കുട്ടികൾക്ക് കടലാസ്, ക്രയോൺസ്, തുടങ്ങി ചിത്രരചനയ്ക്ക് ആവശ്യമായ വസ്തുക്കൾ ലഭ്യമാക്കാൻ ശ്രദ്ധിക്കണം.)

(ഈ സന്ദർഭത്തിൽ പഞ്ചായത്ത്തലത്തിൽ ചിത്രത്തിന്റെ മേഖലയിൽ പങ്കെടുക്കാനുള്ള കുട്ടികളെ തിരിച്ചറിയാൻ നമുക്കാവും).

## പരമാർത്ഥം

*ടീച്ചർ ടീച്ചർ*
*ഞങ്ങളെയിനിമേൽ*
*ചിത്ത വിളിക്കാൻ നോക്കണ്ടാ*
*മൂക്കിൽ കണ്ണട മീതെകൂടി*
*നോക്കി പേടിപ്പിക്കേണ്ട*
*ടീച്ചർ ക്ലാസിൽ പറഞ്ഞ നുണകൾ*
*നാട്ടിൽ മുഴുവൻ പാട്ടായി*
*നദിയിൽ ജലമൊഴുകുന്നുണ്ടത്രേ*
*മലകളിലെല്ലാം കാടത്രേ*
*ഇടവപാതിയിലെല്ലാടത്തും*
*ഇടതടവില്ലാ മഴയത്രേ*
*ഇതുപോൽ മുത്തൻ നുണകൾ പറഞ്ഞി -*
*ട്ടിനിയും വിഢ്ഢികളാക്കല്ലേ !!*

**- പി.പി. രാമചന്ദ്രൻ**

കവിത ക്ലാസിൽ പ്രദർശിപ്പിച്ച് ടീച്ചർ കുട്ടുകളോടൊപ്പം പാടുന്നു.

- ☐ യഥാർത്ഥത്തിൽ ടീച്ചർ നുണപറഞ്ഞതാണോ?
- ☐ പിന്നെ എന്താണ് ടീച്ചർ നുണ പറയുന്നുവെന്ന് കവി പറഞ്ഞത്?
- ☐ നാട്ടിൽ പുഴയ്ക്ക് എന്തെല്ലാം മാറ്റങ്ങൾ വന്നു?
- ☐ കാട്ടിൽ എന്തു മാറ്റമാണ് സംഭവിച്ചത്?
- ☐ പാടങ്ങൾക്ക്, കുന്നുകൾക്ക്, തോടുകൾക്ക്, കാട്ടിലെ മരങ്ങൾക്ക്, പക്ഷികൾക്ക്, ജീവജാലങ്ങൾക്ക് എന്തെല്ലാം മാറ്റങ്ങൾ സംഭവിക്കുന്നു എന്ന നിലയിൽ ചർച്ച കൊണ്ടുപോവണം.

  ശരി എല്ലാവർക്കും മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ഇങ്ങനെ മാറ്റങ്ങൾ വരുമ്പോൾ അവർ എന്തെല്ലാമാണ് ചിന്തിക്കുന്നുണ്ടാവുക ? എഴുതിനോക്കൂ ?

  - ☐ മരത്തിന്റെ ആലോചന
  - ☐ പുഴയുടെ ചിന്ത
  - ☐ കാടിന്റെ വിചാരം
  - ☐ കാട്ടിലെ പക്ഷികൾ പറയുന്നത്
  - ☐ മൃഗങ്ങൾ എന്തു പറയുന്നു

ഇതിൽ ആരുടെയെങ്കിലും ഒരാളുടെ വിചാരം എഴുതിനോക്കൂ, അത് കഥയായോ, കവിതയായോ, വിവരണമായോ, കത്തായോ, ഒക്കെയാവാം.

- ☐ കുട്ടികൾ എഴുതി അവതരിപ്പിക്കുന്നു.
- ☐ പൊതു ചർച്ചയിൽ മെച്ചപ്പെടുത്തുന്നു.
- ☐ രചനകൾ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കാം.

അവതരിപ്പിച്ചതിൽ വച്ച് ഏടറ്റവും ഇഷ്ടപ്പെട്ടത് ഏത് എന്ന് പറയാൻ കുട്ടികൾക്ക് അവസരം നൽകണം. (ഈ സന്ദർഭത്തിൽ പഞ്ചായത്ത് തലത്തിൽ സാഹിത്യ മേഖലകളിൽ പങ്കെടുക്കേണ്ട കുട്ടികളെ കണ്ടെത്താൻ കഴിയണം).

ഒരു വിദ്യാലയത്തില നിന്ന് 12 കുട്ടികൾ (സാഹിത്യം 3, ചിത്രരചന 3, അഭിനയം 6)

## എൽ.പി വിഭാഗം

## കുട്ടികൾക്ക് പരിചയപ്പെടുത്താവുന്ന പുസ്തകങ്ങൾ

1. കുഞ്ഞുണ്ണിയുടെ കുട്ടിക്കവിതകൾ - കുഞ്ഞുണ്ണി
2. വൈലോപ്പിള്ളിയുടെ കുട്ടിക്കവിതകൾ - വൈലോപ്പിള്ളി ശ്രീധരമോനോൻ
3. നയൻതാരയുടെ കഥകൾ - എൻ.ജി യുടെ നയൻതാര
4. സ്കൂൾ കഥകൾ - എം.കൃഷണദാസ്
5. കടംകഥകൾ കൊണ്ടുകളിക്കാം - പ്രൊഫ.എസ്.ശിവദാസ്
6. കടംകഥകൾ പഠിക്കാം, രസിക്കാം - വി.എം.രാജമോഹൻ